

WEDNESDAY 17-05-2023 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


**Chief Editor : PADMAM S.** **Editor : Dr. BINU HARRIET IVAN**



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-17/05/2023.

1. ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയുടെ ഭാഗമായി നിർമ്മിക്കപ്പെട്ട കൃഷിക്കൂട്ടങ്ങൾ കേരളത്തിൽ ഒരു പുതിയ കാർഷിക സംസ്കാരം സൃഷ്ടിച്ചിരിക്കുകയാണ് എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കേരള സർക്കാറിന്റെ മൂന്നാം നൂറുദിന പദ്ധതികളുടെ ഭാഗമായി AIMS പോർട്ടൽ മുഖേന 20000 കൃഷിക്കൂട്ടങ്ങളുടെ പഞ്ചായത്തുതല രജിസ്ട്രേഷൻ പൂർത്തീകരിച്ചതിന്റെ പ്രഖ്യാപനവും മൂല്യവർദ്ധനമേഖലയിലെ 1000 കൃഷിക്കൂട്ടങ്ങളുടേയും സേവനമേഖലയിലെ 200 യന്ത്രവല്കൃത കൃഷിക്കൂട്ടങ്ങളുടേയും സംസ്ഥാനതല പ്രവർത്തന ഉൽഘാടനം മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ഷിഫ കൺവെൻഷൻ സെന്ററിൽ വച്ച് നിർവഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. 2023 ൽ 5000 ൽ പരം മൂല്യവർധിത ഉത്പന്നങ്ങൾ കൃഷിക്കൂട്ടങ്ങൾ വഴി ഉണ്ടാകുമെന്നും 2026 ഓടുകൂടി ഇതിന്റെ ഭാഗമായി പുതിയ മൂന്നുലക്ഷം തൊഴിൽ അവസരങ്ങൾ ഉണ്ടാകുമെന്നും കൃഷിമന്ത്രി പി.പ്രസാദ് അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. ഒരു കൃഷിഭവൻ ഒരു ഉൽപ്പന്നം എന്നതിൽ നിന്ന് അനവധി ഉൽപന്നങ്ങൾ നിർമ്മിക്കുന്ന രീതിയിലേക്ക് കൃഷിഭവൻ ഉയർന്നു കഴിഞ്ഞുവെന്നും മന്ത്രി കൂട്ടിച്ചേർത്തു.

2. കരപ്പുറം കാർഷിക കാഴ്ചകൾ" പരിപാടിയോടനുബന്ധിച്ച് നടത്തുന്ന കാർഷിക സെമിനറിൽ പങ്കെടുക്കാൻ താല്പര്യം ഉള്ളവർ അതാതു കൃഷി ഭവനിലോ 9446140349 എന്ന ഫോൺ നമ്പറിലോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആലപ്പുഴ ജില്ലയിൽ ചേർത്തല സെന്റ് മൈക്കിൽസ് കോളേജിൽ വച്ചു മെയ് 19 മുതൽ 28 വരെയാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.

3. ദേശീയ ജന്തു രോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി ഈ മാസം 19 വരെ 4 മാസം മുതൽ 8 മാസം വരെ പ്രായമുള്ള പശുകിടാക്കൾ, എരുമ കിടാക്കൾ എന്നിവയ്ക്കുള്ള ബ്രൂസല്ല രോഗ പ്രതിരോധ കുത്തിവയ്പ്പ് തികച്ചും സൗജന്യമായി മൃഗസംരക്ഷണ വകുപ്പ് ജീവനക്കാർ ക്യാമ്പയിൻ പ്രകാരം നൽകി വരുന്നു രോഗ ചികിത്സ ഇല്ലാത്ത, ജന്തുക്കളിൽ നിന്നും മനുഷ്യരിലേയ്ക്ക് പകരാവുന്ന ബ്രൂസല്ല രോഗത്തിൽ നിന്നും മോചനം ലഭിക്കുന്നതിനു പ്രതിരോധം മാത്രമാണ് ഏക പോം വഴി. കർഷകർ അടുത്ത മൃഗാശുപത്രിയുമായി ബന്ധപെട്ട് പശുക്കുട്ടികളെ രോഗ പ്രതിരോധ കുത്തിവെയ്പിന് വിധേയമാക്കേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാനകേന്ദ്രത്തിൽ ശാസ്ത്രീയ ചിപ്പിക്കൂൺ കൃഷി പരിശീലനം ഈ മാസം 18 ന് (18.05.2023) രാവിലെ 10 മണിക്ക് സംഘടിപ്പിക്കുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിന് 500 രൂപ ഫീസ് അടയ്ക്കേണ്ടതാണ്. പങ്കെടുക്കാൻ താല്പര്യമുള്ളവർ 0479-2959268, 9447790268 എന്നീ ഫോൺ നമ്പരുകളിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്

5. പാലക്കാട് ജില്ലയിലെ തെക്കുംമുറിയിൽ പ്രവർത്തിക്കുന്ന കൃഷിവിജ്ഞാനകേന്ദ്രത്തിൽ മോഹിത് നഗർ കമുകിൻ തൈകൾ തൈ ഒന്നിന് 35 രൂപ നിരക്കിൽ ഈ മാസം 29 മുതൽ വിൽപ്പനയ്ക്ക് ലഭ്യമാണ് കൂടുതൽ വിവരങ്ങൾക്ക് 0466-2212279, 2912008, 6282937809 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

6. ലോക ക്ഷീരദിനാചരണത്തിന്റെ ഭാഗമായി പാലിന്റെയും പാലുത്പന്നത്തിന്റെയും ക്ഷീരവ്യവസായത്തിന്റെയും പ്രാധാന്യം സംബന്ധിച്ച അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ഈ മാസം 29 ന് (29.05.2023) കാഴിക്കോട് ക്ഷീരപരിശീലന കേന്ദ്രത്തിൽ വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. രാവിലെ 10.30ന് എൽ.പി.വിഭാഗം വിദ്യാർത്ഥികൾക്ക് ചിത്രരചന (ക്രയോൺസ്), യു.പി. വിഭാഗം വിദ്യാർത്ഥികൾക്ക് ചിത്രരചന (വാട്ടർ കളർ), ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പെൻസിൽ ഡ്രോയിങ് എന്നിവയും ഉച്ചയ്ക്ക് ശേഷം 2 മണിക്ക് ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾക്ക് ക്ഷീരമേഖലയുമായി ബന്ധപ്പെട്ട പ്രബന്ധരചന എന്നിവ ഉണ്ടായിരിക്കുന്നതാണ്. മത്സരത്തിൽ പങ്കെടുക്കുന്നവർ ഈ മാസം 25 ന് വൈകുന്നേരം 5 മണിക്കു മുൻപായി രേഖാമൂലമോ 0495 2414579 എന്ന ഫോൺ നമ്പരിലോ dd-dtc-kkd.dairy@kerala.gov.in എന്ന ഇ-മെയിൽ മുഖേനയോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ചിത്രരചനാ മത്സരത്തിൽ പങ്കെടുക്കുന്നവർ ക്രയോൺസ്, പെൻസിൽ, വാട്ടർ കളർ എന്നിവ കൊണ്ടുവരേണ്ടതാണ്. പങ്കെടുക്കുന്ന വിദ്യാർത്ഥികൾ വിഭാഗം വ്യക്തമാക്കുന്നതിനുള്ള രേഖകൾ (സ്കൂൾ സാക്ഷ്യപത്രം ഐഡി കാർഡ്) ഹാജരാക്കേണ്ടതാണ്.

7. തിരുവനന്തപുരം കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ടപിടക്കോഴിക്കുഞ്ഞുങ്ങളെ 25 രൂപ നിരക്കിലും പൂവൻകോഴി കുഞ്ഞുങ്ങളെ അഞ്ചു രൂപ നിരക്കിലും എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിൽ വിൽപ്പനയ്ക്ക്

ലഭ്യമാണ്. താൽപ്പര്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ **0471-2730804** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

8. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ തിരുവനന്തപുരം കോട്ടയ്ക്കകത്തുള്ള അഗ്രോ സൂപ്പർ ബസാറിൽ' തെങ്ങിന്റെ കുള്ളൻ ഇനങ്ങളായ മലയൻ യെല്ലോ ഡ്വാർഫ്, മലയൻ ഗ്രീൻ ഡ്വാർഫ് ഇനങ്ങളിൽപ്പെട്ട ഗുണനിലവാരമുള്ള തെങ്ങിൻ തൈകൾ വിൽപ്പനയ്ക്ക് എത്തിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 0471-2471343, 2471346 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

9. പനമരം ബ്ലോക്ക് പഞ്ചായത്ത് 2022-2023 വർഷം നടപ്പിലാക്കുന്ന ഗോ ജീവ സുരക്ഷാ സഞ്ചരിക്കുന്ന മൃഗാശുപത്രി പദ്ധതിയുടെ സേവനം ഇന്നു മുതൽ മെയ് 20 ശനി വരെയുള്ള ദിവസങ്ങളിൽ പുൽപള്ളി ഗ്രാമപഞ്ചായത്തിലെ ക്ഷീര കർഷകർക്ക് ലഭ്യമായിരിക്കും. പ്രവൃത്തി സമയം - രാവിലെ 10 മുതൽ വൈകീട്ട് 05 വരെ. സേവനം ആവശ്യമുള്ള കർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേനെയോ നേരിട്ടോ ഡ്യൂട്ടി ഡോക്ടറുമായി 9074583866 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

10. ക്ഷീരവികസന വകുപ്പിന്റെ തിരുവനന്തപുരം പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് മെയ് 19 ന് തീയതി **"പാലും പരിശുദ്ധിയും കർഷകർ അറിയേണ്ടതെല്ലാം"** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലന പരിപാടി നടത്തുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ മെയ് 18 നു വൈകിട്ട് 5 മണിയ്ക്കു മുമ്പായി നേരിട്ടോ, 0471- 2440911 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം. 0471 2440911 മേൽവിലാസം: ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ. തിരുവനന്തപുരം - 695004. ഇമെയിൽ ഐ ഡി: principaldtctvm@gmail.com പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനുള്ള ലിങ്ക് ijq-mmgh-kse

11. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കാട വളർത്തൽ എന്ന വിഷയത്തിൽ ഈ മാസം 18 ന് രാവിലെ 10 മുതൽ 4 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 9188522713, 0491-2815454 എന്ന നമ്പരിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്.